പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) തീരപ്രദേശങ്ങളിൽ ജലവിതരണത്തിനുള്ള പദ്ധതികളിൽ കഴൽ കിണർ കഴിക്കുന്ന ജോലി രണ്ടു കൊല്ലത്തിനകം പൂർത്തിയാകുമെന്നുദ്ദേശിക്കുന്നു. ആലുവായിൽ നിന്നും പറവൂർ വഴി വൈപ്പിൻ കരയിലേയ്ക്കു് പൈപ്പു ലൈൻ ഇടാനുള്ള പദ്ധതി എപ്പോഴും പൂർത്തിയാകുമെന്നു കൃത്യമായി പറയുവാൻ നിവൃത്തിയില്ല. എതായാലും അതിന്റെ പണിയിൽ അധിക ഭാഗവും രണ്ടു കൊല്ലത്തിനകം പൂർത്തിയാകുമെന്നാണു വിചാരിക്കുന്നതു്.

(ബി) ചെല്ലാനം—പള്ളിത്തോടു് പൈപ്പുലൈൻ ഇടുവാനുള്ള അടങ്കൽ പൂർത്തിയായി. അതിനു ഗവൺമെൻറു് അനുവാദം ലഭിച്ചിട്ടു് അഞ്ചു മാസമായി. പണി തുടങ്ങുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു.

(സി) ഇതു ഈ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തിയാകുമെന്നുദ്ദേശിക്കുന്നു.

ശ്രീ. ഗാസ്റ്റർ ഡി'സിൽവ: കൊച്ചിവിഭാഗത്തിൽ മുളവുകാട്ടിൽനിന്നു ഇതിനെസംബന്ധിച്ചു് നിവേദനം വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇല്ല.

NATIONAL HIGHWAY

*350. [6] **Sri. Joseph Mathen:** Will the hon. Minister for Public Works be pleased to state.—

(*a*) whether this Government have approached the Central Government for enough funds for the completion of the National Highway within the limits of this State;

(*b*) whether this Government have taken any steps for the construction of a bridge at Aroor?

Minister for Public Works **(Sri. G. Chandrasekhara Pillai):**

(*a*) No.

(*b*) Yes. This Government have brought to the notice of the Central Government the vital necessity of constructing the Aroor-Edacochin bridge.

ശ്രീ. ജോസഫ് മാത്തൻ: നാഷണൽ ഹൈവെ പൂർത്തിയാക്കുന്നതു് ഏതു ഗവൺമെൻറിന്റെ ചുമതലയാണു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതു് സെൻട്രൽ ഗവൺമെൻറിന്റെ ചുമതലയാണു്.

ശ്രീ. ജോസഫ് മാത്തൻ: ഇതിന്റെ മെയിൻറനൻസ് നടത്തുന്നതു് ആരാണു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: മെയിൻറനൻസിന്റെ ചെലവു് തരേണ്ടതും സെൻട്രൽ ഗവൺമെൻറാണു്.

ശ്രീ. ജോസഫ് മാത്തൻ: സെൻട്രൽ ഗവൺമെൻറ് നേരിട്ടാണോ മെയിൻറനൻസ് നടത്തുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അവർ പണംതരും, മെയിൻറനൻസ് ഈ ഗവൺമെൻറ നടത്തും.

ശ്രീ. ജോസഫ് മാത്തൻ: അതിനുള്ള പണം ഇവിടെനിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: പണം ആവശ്യപ്പെടേണ്ട ആവശ്യമില്ല. ഇവിടെനിന്നും എസ്റ്റിമേറു് അയച്ചാൽ അവർ അതു സാങ്ഷൻചെയ്തു അയക്കും. പണവും തരും. പിന്നെ നാം മെയിൻറനൻസു നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മാത്തൻ: അങ്ങനെ എസ്റ്റിമേറ്റ് അയച്ചിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അയച്ചിട്ടുണ്ട്. ഇതുവരെ സാംഗ്ഷൻ ചെയ്തു വന്നിട്ടില്ല.

ശ്രീ. എം. ഗോവിന്ദൻ: എത്ര നാഷണൽ ഹൈവെയാണ് ഉള്ളത്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: മൂകെ റ്റവ മൈൽ.

ശ്രീ. എം. ഗോവിന്ദൻ: അതല്ലാ ഞാൻ ചോദിച്ചത്. ബോംബെ മുതൽ കന്യാകുമാരിവരെ ഒരു ഹൈവെ ഉണ്ട്; മദ്രാസ് മുതൽ കന്യാകുമാരിവരെ ഒരു ഹൈവേ ഉണ്ട്. അങ്ങനെ എത്ര എണ്ണമുണ്ട്?

Sri. G. Chandrasekhara Pillai: There are three National Highways running through this State.

No. 1. Part of the National Highway—Cochin to Madras Boundary.

No. 2. Part of National Highway—From Cape Comorin to Madras Boundary in the direction of Palayamcottai.

No. 3. West coast road—This has not been formerly included in the National Highway system but still, works on this road are being financed by the Government of India. On the whole, there are 282 miles of National Highway in this State.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: പോസ്റ്റവാർ റീ കൺസ്ട്രക്ഷൻ സ്കീമിൽ ഈ കോസ്റ്റൽറോഡ് സർവ്വെ ചെയ്ത കഴിഞ്ഞിരിക്കുകയാണ്. അത് നാഷണൽ ഹൈവെയിൽ ഉൾപ്പെട്ടതാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അത് സെൻട്രൽ ഗവൺമെൻറാണ് ചെയ്യേണ്ടത്.

പള്ളത്തി ആശുപത്രി

*നമ്പർ. (6) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ —

(എ) പള്ളത്തി മഹാരാജാസ് ആശുപത്രിയോടനുബന്ധിച്ച് എത്രാനം കെട്ടിടങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നതായിട്ടറിയാമോ;

(ബി) ആ കെട്ടിടങ്ങളുടെ സംരക്ഷണത്തിനുംമറ്റുമായി പ്രതിവർഷം എത്ര ചെലവുവരും;

(സി) ഈ കെട്ടിടങ്ങൾ പേവാർഡുകൾക്കായി ഉപയോഗിക്കണമെന്ന് നിയമസഭാചോദ്യങ്ങൾവഴിയും ആവശ്യപ്പെട്ടിട്ടുള്ളതായി അറിയാമോ;

(ഡി) അതിൽ എന്ത് നടപടിയെടുത്തു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) അറിയാം.

(ബി) ഒന്നും ഉള്ളതായി അറിവില്ല.

(സി) അറിയാം.

(ഡി) ഒരു പേവാർഡ് തുടങ്ങുവാൻ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അടുത്തുതന്നെ ഒരു പേവാർഡ് ഉണ്ടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ശ്രീ. സി. കേശവൻ: നടപടി എടുത്തു കഴിഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly